**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3842** **27-06-2024 - ൽ മറുപടിയ്ക്ക്**

**വനയോരമേഖലയിലെ ക്ഷീര കൃഷി പ്രതിസന്ധി പരിഹരിക്കാൻ പ്രത്യേക സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്, ശ്രീമതി കെ. കെ. രമ, ശ്രീ. സി. ആർ. മഹേഷ് | | ശ്രീമതി ജെ ചിഞ്ചുറാണി (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കാട്ടുമൃഗങ്ങളുടെ ശല്യം മൂലം വനയോരമേഖലയിലെ ക്ഷീര കൃഷി പ്രതിസന്ധിയിലാണ് എന്നത് വസ്തുതയാണോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | കാട്ടുമൃഗങ്ങളുടെ ശല്യം മൂലം വനയോരമേഖലയിലെ ക്ഷീര കൃഷി പ്രതിസന്ധിയിലാണ് എന്നത് വസ്തുത യാണ്. പശുക്കളെ വന്യ ജീവികൾ പിടിക്കുന്നതും തീറ്റപ്പുൽകൃഷി നശിപ്പിക്കുന്നതും വനയോരമേഖലയായ വയനാട് നിന്നും ഒരുപാട് റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. വനയോര മേഖലയായ വയനാട് നിന്നും ആകെ 92 പശുക്കളും, ഒരു ക്ഷീരകർഷകനും വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടുകയും, 225 സെന്റ് പുൽകൃഷി വന്യജീവികൾ നശിപ്പിക്കുകയും ചെയ്തിട്ടുണ്ട് |
| (ബി) | കാട്ടുമൃഗങ്ങളുടെ ആക്രമണം മൂലം വളർത്തുമൃഗങ്ങൾക്ക് മരണം സംഭവിച്ചാൽ കൃഷി വകുപ്പ് നഷ്ടപരിഹാരം നൽകുന്നുണ്ടോയെന്നറിയിക്കുമോ; | (ബി) | കാട്ടുമൃഗങ്ങളുടെ ആക്രമണം മൂലം വളർത്തുമൃഗങ്ങൾക്ക് മരണം സംഭവിച്ചാൽ കൃഷി വകുപ്പ് നഷ്ടപരിഹാരം നൽകുന്നില്ല. കൃഷി വകുപ്പിൽ നിന്നും കാർഷിക വിളകൾക്ക് ഉണ്ടാകുന്ന വിള നാശത്തിന് മാത്രമാണ് നഷ്ടപരിഹാരം നൽകുന്നത്.<br><br>ക്ഷീരവികസന വകുപ്പിൽ കാട്ടുമൃഗങ്ങളുടെ ആക്രമണം മൂലം വളർത്തുമൃഗങ്ങൾക്ക് (പശുക്കൾക്ക്) മരണം സംഭവിച്ചാൽ ഇൻഷ്വറൻസുള്ള ഉരുക്കളാണെങ്കിൽ ഇൻഷ്വറൻസ് തുക ലഭിക്കുകയും അല്ലാത്ത പക്ഷം ക്ഷീരവികസന വകുപ്പിന്റെ കണ്ടിജൻസി ഫണ്ടിൽ നിന്നും 15000/- രൂപ വരെ അനുവദിക്കുന്നതുമാണ്. |
| (സി) | വനയോരമേഖലയിലെ ക്ഷീര കർഷകർക്ക് കൃഷി നടത്താൻ പ്രത്യേക സഹായം ലഭ്യമാക്കുമോ; വിശദമാക്കുമോ? | (സി) | വനയോരമേഖലയായ വയനാട് ജില്ലയിലെ ക്ഷീരകർഷകർക്കായി പ്രത്യേക പാക്കേജുകൾ അനുവദിക്കുന്നുണ്ട്. ഇതിനായി ക്ഷീരവികസന വകുപ്പിന്റെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ അനുവദി ക്കുകയും ചെയ്തിട്ടുണ്ട്. വന്യ ജീവികളുടെ ആക്രമണത്തിൽ നിന്നും രക്ഷനേടുന്നതിനായി ഫാമുകൾക്കുള്ള ആധുനികവത്ക്കരണവും യന്ത്ര വത്ക്കരണവും, തീറ്റപ്പുൽകൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ ഇലക്ട്രിക് ഫെൻസിംഗ് ചെയ്യുന്നതിനും, പച്ചപ്പുൽ/ |

| | | | |
|---|---|---|---|
| | | | വൈക്കോൽ/ silage/TMR എന്നിവ കർഷകർക്ക് നൽകുന്നതിനുള്ള ധന സഹായവും, ഉരുക്കൾക്കുമുള്ള മിനറൽ മിക്സ്ച്ചർ നൽകുന്നതിനുള്ള ധനസഹായവുമാണ്. ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ